പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1834** **05.02.2019 ൽമറുപടിയ്ക്ക്**

## നിലയ്ക്കൽ-പമ്പ ബസ് സർവ്വീസ്

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾക്ക് ശബരിമല മണ്ഡല-മകര വിളക്ക് കാലത്ത് നിലയ്ക്കലിൽ നിന്നും പമ്പയിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (എ) | ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന്റെയും, പമ്പയിൽ പ്രളയകാല കെടുതികൾ നിലനിന്നിരുന്നതിനാലും 2018-19 ശബരിമല മണ്ഡലപൂജ മകരവിളക്ക് കാലത്ത് സ്വകാര്യ വാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളും നിലയ്ക്കൽ വരെ മാത്രം അനുവദിക്കുന്നതിനും, നിലയ്ക്കൽ മുതൽ പമ്പവരെ സർവ്വീസ് നടത്തുന്നതിനുള്ള അനുമതി കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി തമിഴ്നാട്ടിലെ എസ്.ഇ.റ്റി.സി കോർപ്പറേഷനുമായി ശബരിമല പ്രത്യേക സർവ്വീസിനായി റൂട്ടുകൾ സംബന്ധിച്ച് താൽക്കാലിക കരാറിൽ 24.10.2018 ന് ഏർപ്പെട്ടിട്ടുള്ളതാണ്. ടി കരാർ പ്രകാരം തമിഴ്നാട്ടിലെ വിവിധ ഭാഗങ്ങളിൽ നിന്നും നിലയ്ക്കൽ വരെ സർവ്വീസ് നടത്തുന്നതിനാണ് അനുമതി നൽകിയിരുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി പമ്പയിൽ നിന്നും ദീർഘദൂര സർവ്വീസുകൾ നടത്തുന്നു എന്നും ആയതിനാൽ തമിഴ്നാട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗിനെയും പമ്പ വരെ സർവ്വീസ് നടത്താൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് എക്സ്പ്രസ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബഹു. കേരള ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നു. ടി കേസിൽ സർക്കാർ ഉചിതമായ തീരുമാനം എടുക്കുന്നതിന് കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പമ്പയിൽ നിന്ന് നേരിട്ട് സർവ്വീസ് നടത്തുന്നതിന് എസ്.ഇ.റ്റി.സി.യ്ക്ക് 08/01/19 ലെ ജി.ഒ.(ആർ.ടി) 9/2019/ട്രാൻ പ്രകാരം അനുമതി നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ഈ നടപടി കെ.എസ്.ആർ.ടി.സി.യുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | തമിഴ് നാടിന് നൽകിയ ആനുകൂല്യം ആവശ്യപ്പെട്ട് കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷൻ കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്ത് തീരുമാനം കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ? | (സി) | കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കത്ത് കെ.എസ്.ആർ.ടി.സി.ക്ക് ലഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സർവ്വീസുകളെയും, കെ.എസ്.ആർ.ടി.സി വരുമാനത്തെയും ബാധിക്കുമെന്നതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**